**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 207** | **30-07-2021 - ൽ മറുപടിയ്ക്ക്**

**മിമി ഫിഷ് മൊബൈൽ ആപ്ലിക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഫിഷറീസ് വകുപ്പ് മുഖാന്തരം മത്സ്യ ഉത്പന്നങ്ങളുടെ ഓൺലൈൻ വില്പനയ്ക്കായി മിമി ഫിഷ് എന്ന പേരിൽ മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത ആപ്പിലൂടെ ഉത്പന്നങ്ങളെ സംബന്ധിച്ചുള്ള എന്തെല്ലാം വിവരങ്ങളാണ് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | തീരദേശ വികസന കോർപ്പറേഷന്റെ കൊല്ലത്തെ ഫിഷ് പ്രോസസ്സിംഗ് സെന്റർ കേന്ദ്രീകരിച്ച് മത്സ്യ ഉൽപ്പന്നങ്ങൾ ഓൺലൈൻ ആയി പരീക്ഷണാടിസ്ഥാനത്തിൽ മൊബൈൽ ആപ്പിലൂടെ വിതരണം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത ആപ്പിലൂടെ അതാത് ദിവസം ലഭ്യമായിട്ടുള്ള മത്സ്യത്തിന്റെ ഇനം, അവയുടെ വിലവിവര പട്ടിക, തൂക്കം, മൂല്യവർദ്ധിതം നടപ്പിലാക്കിയ യൂണിറ്റിന്റെ വിശദവിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഒരു നൂതന സംരംഭം എന്ന നിലയിൽ സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, കൂടാതെ മേഖലയിൽ പ്രവൃത്തി പ്രാവീണ്യമുള്ള ശ്രീ. റോയി. വി. നാഗേന്ദ്രൻ, ഓപ്പറേറ്റർ ആയി നിയോഗിച്ചുകൊണ്ട് സംയുക്തമായി ഒരു വർഷത്തേക്ക് പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനായി കരാർ ഉടമ്പടി വച്ചിട്ടുണ്ട്. |
| (സി) | ആദ്യഘട്ടത്തിൽ ഏതൊക്കെ ജില്ലകളിലാണ് പദ്ധതി ആരംഭിക്കുന്നതെന്നും പദ്ധതിയിലൂടെ എന്തെല്ലാം മത്സ്യ ഉത്പന്നങ്ങളാണ് ഓൺലൈനായി വില്പന നടത്തുന്നതെന്നും വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ കൊല്ലം ജില്ല കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. അതാത് ദിവസം ലഭ്യമാകുന്ന മത്സ്യങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യാനാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ വിജയസാദ്ധ്യത കണക്കിലെടുത്ത് സമീപ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | മിമി ഫിഷിലൂടെ വിതരണം ചെയ്യുന്ന ഉത്പന്നങ്ങളുടെ ഗുണമേന്മ പരിശോധിക്കാൻ എന്തെല്ലാം | (ഡി) | തീരദേശ വികസന കോർപ്പറേഷന്റെ ശക്തികുളങ്ങര ആസ്ഥാനമാക്കിയുള്ള ഫിഷ് പ്രോസസ്സിംഗ് |

| | | | |
|---|---|---|---|
| | സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | സെന്ററിൽ നിന്നാണ് നിലവിൽ ഉൽപ്പാദിപ്പിക്കുന്നത്. പ്രസ്തുത പ്രോസസ്സിംഗ് സെന്ററുകളുടെ രൂപകൽപ്പന ICAR-CIFT-ന്റെ മാനദണ്ഡവും നിർദ്ദേശവും അനുസരിച്ചാണ് പൂർത്തീകരിച്ച് പരിപാലിക്കുന്നത്. കൂടാതെ ഉൽപ്പാദിപ്പിക്കപ്പെടുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉടമ്പടി പ്രകാരം ICAR-CIFT-ന്റെ നിബന്ധനകൾക്ക് വിധേയമായിരിക്കും. |
| (ഇ) | പ്രസ്തുത പദ്ധതിയിൽ ഉത്പന്നങ്ങൾ ഓൺലൈനായി ഡെലിവറി നടത്തുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (ഇ) | പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിന് ഏർപ്പെട്ടിരിക്കുന്ന കരാറിന്റെ അടിസ്ഥാനത്തിൽ തീരദേശ വികസന കോർപ്പറേഷൻ, ICAR-CIFT, ഓപ്പറേറ്റർ എന്നിവർ സംയുക്തമായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ